# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1616.

08-06-2018 ൽ മറുപടിയ്ക്ക്

## കർഷകസഭകൾ

**ചോദ്യം**

ശ്രീ.കെ.എം.ഷാജി
ഡോ.എം. കെ. മുനീർ
ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ വാർഡുകളിലും കർഷകസഭകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | എല്ലാ വാർഡുകളിലും കർഷക സഭകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (ബി) | അശ്വതി രോഹിണി ഞാറ്റുവേല (2018 ജൂൺ 7) മുതൽ തിരുവാതിര ഞാറ്റുവേല (2018 ജൂലൈ 3) വരെ ഒരു മാസക്കാലയളവിലാണ്, കർഷകസഭ നടപ്പിലാക്കുന്നത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് അടിസ്ഥാനത്തിൽ വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കർഷകസഭകൾ സംഘടിപ്പിച്ചുവരുന്നു. കൃഷി വകുപ്പിന്റെയും കൃഷിഭവന്റെയും സേവനം ഏറ്റവും താഴെതട്ടിൽ എത്തിക്കുക എന്ന ഉദ്ദേശ്യമാണ് കർഷക സഭകൾക്കുള്ളത്. കൃഷിവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുന്നതോടൊപ്പം നിലവിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് അപേക്ഷകൾ സ്വീകരിക്കുന്നതും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും ആണ്. ഇതിനുപുറമേ എല്ലാ കൃഷി ഭവനുകളിലും ഞാറ്റുവേല ചന്തകൾ സംഘടിപ്പിക്കുകയും ഈ ചന്തകൾ വഴി കൃഷി വകുപ്പ് ഉല്പാദിപ്പിക്കുന്ന നടീൽ |

| | | | |
|---|---|---|---|
| | | | വസ്തുക്കൾക്ക് മുൻഗണന നൽകി വിൽപ്പന നടത്തുന്നതാണ്. ജൈവ ഉല്പാദനോപാധികൾ, ജൈവകീട നിയന്ത്രണോപാധികൾ എന്നിവ വിൽക്കുകയും മണ്ണ് പരിശോധന, വിവിധ വിഷയങ്ങളിലെ ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നു. കർഷകരുടെ ആവശ്യങ്ങളിൽ നിർദ്ദേശങ്ങൾ പരിഗണിക്കുകയും ആവശ്യമെങ്കിൽ മറ്റ് സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതുമാണ്. |
| (സി) | കൃഷി വകുപ്പ് പുന: സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ? | (സി) | ഉണ്ട്. 18/05/2017-ൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് പുനസംഘടിപ്പിക്കുന്നതിനായി ഒരു വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കൃഷി ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അതിൻപ്രകാരം പുനസംഘടന സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുടെയും മറ്റും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ 03/10/2017-ലെ ഒ&എം (1)22025/2017 നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ